ഉത്തരം

(എ) നിർത്തിവച്ചിട്ടുണ്ട്. സൈറ്റ് കണ്ടീഷനിലുണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടതു് അനിവാര്യമായി വന്നു. ഇതനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കേണ്ടി വന്നതുമൂലം പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നു.

(ബി) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ കൂടാതെ വിജിലൻസ് വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ പരിശോധന നടത്തിയിട്ടുണ്ട്. ചില പരാതികളുടെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയിട്ടുള്ളത്.

(സി) ഈ പദ്ധതിക്കായി നാളിതുവരെ 438.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആദ്യ കരാറുകാരന് 277.42 ലക്ഷം രൂപയും രണ്ടാമത്തെ കരാറുകാരന് 160.81 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ഡി&ഇ) ഇല്ല. മേൽ പദ്ധതി കുടിവെള്ളത്തിനും ഉപയുക്തമാകുന്ന ചെറുകിട ജലസേചന പദ്ധതിയാണ്. പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചാലുടൻ പണി പുനഃരാരംഭിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി

215 (904) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻകുടിവെള്ള പദ്ധതിക്ക് കീഴിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഭാഗമായ കുളിമാട് പമ്പിംഗ് സ്റ്റേഷൻ നിൽക്കുന്ന ചാത്തമംഗലം പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചാത്തമംഗലം പഞ്ചായത്തിന്റെ ശുദ്ധജല വിതരണത്തിന് ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ വാട്ടർ അതോറിറ്റിക്ക് പദ്ധതിയുണ്ടോ ;

(ഡി) കുളിമാട് കമ്മീഷൻ ചെയ്യുന്നതിന് മുമ്പ് കിണർ ചരിഞ്ഞുപോയതുമൂലം മുടങ്ങിപ്പോയ പദ്ധതി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള ജലവിതരണം ആരംഭിച്ചിട്ടില്ല. വിതരണ ശൃംഖലയുടെ പണി പുരോഗമിച്ചുവരുന്നു. എന്നാൽ തലക്കുളത്തൂർ പഞ്ചായത്തിൽ ജൈക്ക പദ്ധതിക്കായി നിർമ്മിച്ച പുതിയ ജലസംഭരണിക്ക് സമീപമുള്ള കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള സംഭരണിയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ജലം സംഭരിച്ച് ജല വിതരണം നടത്തുന്നുണ്ട്.

(ബി) ചാത്തമംഗലം പഞ്ചായത്ത് പ്രദേശം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുകയില്ല.

(സി) ചാത്തമംഗലം, മാവൂർ പഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി 40.50 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള ഒരു പുതിയ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. കുളിമാടിൽ കിണർ നിർമ്മിച്ച് ജലം പമ്പ് ചെയ്ത് അവിടെതന്നെ പുതുതായി നിർമ്മിക്കുന്ന പത്ത് എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ചശേഷം, ജലം വിതരണം ചെയ്യാനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) കുളിമാട് പദ്ധതിയുടെ നടത്തിപ്പും വിപുലീകരണവും ഗ്രാമ പഞ്ചായത്താണ് നിർവ്വഹിച്ചത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലായതിനാൽ പുനരുദ്ധാരണ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുതന്നെ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

കുടിവെള്ളം ലഭ്യമാക്കൽ

216 (905) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് പഞ്ചായത്തിൽ ആറിന് കുറുകെ ഉള്ള പൈപ്പ് ലൈൻ പൊട്ടി 14, 15, 16 വാർഡുകളിൽ കുടിവെള്ളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പ് ലൈനുകൾ അറ്റകുറ്റ പണി ചെയ്ത് കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) രാമങ്കരി ഒ.എച്ച്. ടാങ്കിൽ വെള്ളം കയറുന്നത് തടസ്സപ്പെടുന്നതുമൂലം രാമങ്കരി, പുളിങ്കുന്ന്, കാവാലം ഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഒ.എച്ച്. ടാങ്കിൽ വെള്ളം കയറ്റി കുടിവെള്ളം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?